സംസ്ഥാനത്തെ റയിൽവേ ബ്രിഡ്ജുകളുടെ പണി

1411. [2006] ശ്രീ. കെ. ജെ. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാനത്ത് പണി നടക്കുന്ന ഓവർബ്രിഡ്ജുകളുടെ മുൻഗണനാപ്രകാരത്തിലുള്ള ലിസ്റ്റ് മേശപ്പുറത്തു വയ്ക്കാമോ ;

(ബി) ഈ പണികളെല്ലാം എത്ര കൊല്ലംകൊണ്ട് പണി തീരുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) (1) നാഷണൽ ഹൈവേ വിഭാഗത്തിൽ പൊന്നുരുന്നി (കൊച്ചിൻ ബൈപാസ്) യിൽ ഒരു ഓവർബ്രിഡ്ജിന്റെ പണി നടക്കുന്നുണ്ട്.

(2) (ബി) ആൻറ് ആർ വിഭാഗത്തിൽ താഴെ ചേർക്കുന്ന ഓവർ ബ്രിഡ്ജുകളുടെ പണി നടക്കുന്നുണ്ട്.

1 ഷൊർണ്ണൂർ-തൃശ്ശൂർ സെക്ഷനിൽ വടക്കാഞ്ചേരി ഓവർബ്രിഡ്ജ്.
2. കണ്ണൂർ റയിൽവേ സ്റ്റേഷനു സമീപമുള്ള റോഡ് അണ്ടർബ്രിഡ്ജ്.

(ബി) ഇപ്പോഴത്തെ സാഹചര്യത്തിൽ നിർവ്വാഹമില്ല.

ചാലക്കുടിയിലുള്ള റയിൽവേ ഗേറു മാറി ഓവർബ്രിഡ്ജ് പണിയാൻ നടപടി

1412. [2007] ശ്രീ. കെ. കെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിലുള്ള റയിൽവേ ഗേറ് മാറി ഓവർബ്രിഡ്ജ് പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര സംഖ്യയാണ് ഈ പണിക്കു കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പണി എന്നത്തേക്കു തുടങ്ങും ?

ഉത്തരം

(എ) ഉണ്ട്.

(ബി) കണക്കാക്കിയിട്ടില്ല.

(സി) പണി എന്നത്തേക്കു തുടങ്ങുമെന്ന് ഇപ്പോഴത്തെ സാഹചര്യത്തിൽ വ്യക്തമാക്കാൻ നിവൃത്തിയില്ല.

ചാലക്കുടി നിയോജകമണ്ഡലത്തിലുള്ള കൊരട്ടി ഓവർബ്രിഡ്ജിന്റെ പണി

1413. [2008] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി നിയോജകമണ്ഡലത്തിലുള്ള കൊരട്ടി ഓവർബ്രിഡ്ജിന്റെ പണി എന്നത്തേക്ക് തുടങ്ങും എന്നു വ്യക്തമാക്കുമോ ;

(ബി) ഈ പണി നടത്തുന്നതിനുവേണ്ടി റയിൽവേ വകുപ്പിന് ശുപാർശ ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ എന്നാണ് ശുപാർശ ചെയ്തത് ;

(ഡി) ഏതു വർഷത്തിൽ ഈ പണി തുടങ്ങുവാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ ഓവർബ്രിഡ്ജ് നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ ആയിട്ടില്ല.

(ബി) ഇല്ല.

(സി) സിയുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇപ്പോഴത്തെ സാഹചര്യത്തിൽ വ്യക്തമാക്കുവാൻ സാധിക്കുകയില്ല.

തിരുവല്ല-എടത്വ-തകഴി തീവണ്ടിപ്പാത

1414. [2009] ശ്രീ. പി. സി. തോമസ് (തിരുവല്ല) : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നിലവിലുള്ള എറണാകുളം-തിരുവനന്തപുരം തീവണ്ടിപ്പാതയേയും, നിർദ്ദിഷ്ടമായ എറണാകുളം-കായംകുളം തീവണ്ടിപ്പാതയേയും തമ്മിൽ സന്ധിപ്പിക്കുന്നതും കേരളത്തിന്റെ നെല്ലറയായ കുട്ടനാടിനേറയും ആലപ്പുഴ തുറമുഖത്തിനേറയും വികസനത്തിന് വളരെയധികം ഉപകരിക്കുവാൻ വിപുലമായ സാദ്ധ്യതയുള്ളതുമായ തിരുവല്ല-എടത്വ-തകഴി തീവണ്ടിപ്പാത ആരംഭിക്കുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുമോ ?

ഉത്തരം

ഇങ്ങനെ ഒരു തീവണ്ടിപ്പാത നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

സ്വകാര്യ സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്ക് ഗ്രാന്റ്

1415. [2011] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-85, 1985-86 എന്നീ വർഷങ്ങളിൽ സ്വകാര്യ സ്കൂൾ മാനേജർമാർക്ക് സ്കൂൾ കാമ്പൗണ്ട് വാൾ, കിണർ, കളിസ്ഥലങ്ങൾ മുതലായവയുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി ഗ്രാന്റ് നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപ ;

(സി) ഏതെല്ലാം സ്കൂളുകൾക്ക് ?

ഉത്തരം

(എ) 6-11-1984-ലെ ഗവൺമെന്റ് ഉത്തരവ് നം. (പി) 236/84/പൊ. വി. അനുസരിച്ച് ഈ പറഞ്ഞ വകകൾക്കുകൂടി ഗ്രാന്റ് ഉപയോഗിക്കാം. ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരാണ് ഗ്രാന്റ് അനുവദിക്കുന്നത്.

(ബി) മേൽപ്പറഞ്ഞ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly